# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1381/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/01/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-10 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1381/21 തീയ്യതി: 10/01/2022

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2019 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാബുരാജ് മടപ്രത്ത്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീമതി.ഉഷ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.വനജ മാടത്താൻ കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ (26.11.2021 വരെ)

ശ്രീമതി.നിഖില.എ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.അശോകൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീമതി ഹൈമവതി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ പി. | സെക്രട്ടറി | 01-04-2020 | 17-07-2020 |
| ശ്രീ.സത്യൻ കെ.കെ. | സെക്രട്ടറി | 18-07-2020 | 28-02-2021 |
| ശ്രീ.പ്രദീപൻ പി. | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീ.ദാസൻ നിട്ടൂർ | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീമതി.അശ്വനി.കെ.എസ്. | കൃഷി ഓഫീസർ | 01-04-2020 | 28-06-2020 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 29-06-2020 | 27-09-2020 |
| ശ്രീമതി.റിൻസി ജോസ് ടി.ജോൺ | കൃഷി ഓഫീസർ | 28-09-2020 | 08-02-2021 |
| ശ്രീ.വിനോദ്.പി.എസ്. | കൃഷി ഓഫീസർ | 09-02-2021 | 14-03-2021 |
| ശ്രീമതി.അശ്വനി.കെ.എസ്. | കൃഷി ഓഫീസർ | 15-03-2021 | 31-03-2021 |
| ഡോ.ഷബാന ബീഗം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 19-01-2021 |
| ഡോ.മനോജ്.ഇ.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-01-2021 | 10-02-2021 |
| ഡോ.ജിതേഷ്.എ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-02-2021 | 31-03-2021 |
| ഡോ.പി.എൻ.ഷിബു | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 26-11-2020 |
| ശ്രീമതി.ആശാലത.പി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 27-11-2020 | 31-03-2021 |
| ശ്രീ.ഷാജി.കെ.പി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.സി.പ്രേംകുമാർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ.രവീന്ദ്രൻ.പി | ഹെഡ് മാസ്റ്റർ | 06-07-2020 | 31-03-2021 |
| ശ്രീ.രാഹുൽ മധു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-06-2020 |
| ശ്രീ.ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-06-2020 | 31-03-2021 |
| ഡോ.അരവിന്ദ് എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.മഞ്ജുള | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |

01.06.2020 മുതൽ 05.07.2020 വരെ ഹെഡ്മാസ്റ്റർ തസ്തിക ഒഴിവായിരുന്നു. 11.11.2020 മുതൽ 29.12.2020 വരെ സെക്രട്ടറി,കൃഷി ഓഫീസർ,അസി.എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണനിർവഹണ സമിതിയാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചത്.

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-1 |
| 2 | ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Baburaj (Audit Officer, On 27-11-2021)<br>Last Updated By: Baburaj (Audit Officer, On 02-12-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-5 |
| 8 | ഗ്രാമസഭകൾ<br>Written By: Baburaj (Audit Officer, On 20-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-5-1 |
| 9 | ആസൂത്രണ സമിതി,വികസന സെമിനാർ,വർക്കിംഗ് ഗ്രൂപ്പുകൾ<br>Written By: Baburaj (Audit Officer, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-5-2 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-7 |
| 12 | കാഷ് ബാലൻസ്<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Baburaj (Audit Officer, On 26-11-2021) | 1-9 |
| 14 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-10 |
| 15 | കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി അടച്ചതിന്റെ രസീതി ഹാജരാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021) | 1-11 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 16 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-12 |
| 17 | 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-13 |
| 18 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-14 |
| 19 | ഉപയോഗക്രമം മാറിയത്<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-15 |
| 20 | ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Baburaj (Audit Officer, On 26-11-2021) | 1-16 |
| 21 | വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-17 |
| 22 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-18 |
| 23 | റേഷൻ കട ലൈസൻസ് പുതുക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-19 |
| 24 | ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - 125252/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-20 |
| 25 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ട നിരക്കിൽ മുഴുവൻസ്കോളർഷിപ്പ് തുകയും അനുവദിച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-21 |
| 26 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-22 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-23 |
| 28 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-24 |

| | | |
|---|---|---|
| 29 | മരുന്ന് വാങ്ങൽ - 100000 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-25 |
| 30 | മാലൂർ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- ₹45837 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-26 |
| 31 | എസ്.എസ്.എ. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-27 |
| 32 | പട്ടികജാതിയിൽപെട്ട എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല.22200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-28 |
| 33 | ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ (സ്പിൽ ഓവർ) - ചെലവു രേഖകൾ ഹാജരാക്കിയില്ല. ₹ 1,64,120 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-29 |
| 34 | തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-30 |
| 35 | തുടർ സാക്ഷരത (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല.- 63200/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-31 |
| 36 | ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-32 |
| 37 | അംഗൻവാടി വൈദ്യുതീകരണം - രേഖകൾ ഹാജരാക്കിയില്ല.ചെലവുതുക ₹2,44,548 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-33 |
| 38 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-34 |
| 39 | പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹ 9,05,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-35 |
| 40 | സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയില്ല, ₹ 7,99,918 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-36 |

| | | |
|---|---|---|
| 41 | ഭൂജല വകുപ്പിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തത് - രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-37 |
| 42 | ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം - വർദ്ധിപ്പിച്ച നിരക്കിൽ പ്രീമിയം തുക ഈടാക്കി ഒടുക്കാത്തത് സംബന്ധിച്ച്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-38 |
| 43 | മഴക്കാല പൂർവ്വ ശുചീകരണം - വൗച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല - ₹ 1,20,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-39 |
| 44 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - സെക്ഷനിലും മേൽത്തട്ടിലും മതിയായ പരിശോധന നടത്തുന്നില്ല- ഒരേ വ്യക്തികൾക്ക് രണ്ടു പ്രാവശ്യം തുക നല്കി, അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-40 |
| 45 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ നിർത്തലാക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 30-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-41 |
| 46 | ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല<br>Written By: Baburaj (Audit Officer, On 27-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-42 |
| 47 | മോണിറ്ററിങ്ങ് കാര്യക്ഷമമല്ല<br>Written By: Baburaj (Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ | 4-4 |

| | | |
|---|---|---|
| | അവശേഷിക്കുന്നതിന്റെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Baburaj (Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Baburaj (Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Baburaj (Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Baburaj (Audit Officer, On 17-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

| | |
|---|---|
| തീരുമാനം നമ്പർ, തീയ്യതി | 24.3.2020 ലെ 1/1 നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 7631102.06 |
| തൻവർഷവരവ് | 158494000 |
| ആകെ | 166125102.06 |
| തൻ വർഷ ചെലവ് | 159504882 |
| നീക്കിയിരിപ്പ് | 6620220.06 |

### 1-1-1 ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 തീയതി.2.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 29.6.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ.

1. 2020-21 വർഷം പൊളിഞ്ഞുപോയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ച രജിസ്റ്ററിൽ 25 പേരുടെ കെട്ടിടങ്ങളുടെ വിവരങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും ഇവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിമുക്തഭടന്മാരുടെ ഉടമസ്ഥതയിലുള്ള വീടുകളുടെ വസ്തുനികുതി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് 2020-21 വർഷം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീററ് ഷെഡ്യൂൾ B-15 പ്രകാരമുള്ള നികുതി, നികുതിയേതര കുടിശ്ശികകൾ വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, തീയതി 26-07-2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11 പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത

പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

4. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100102-Prior Period Income -Profession Tax-Institutions/Professionals/Traders | 7630 |
| 280200401-Prior Period Income-Other Income | 2764 |

6. വാർഷിക ധനകാര്യപത്രികയിലെ I-4(b), RP-4 ഷെഡ്യൂളുകൾ പ്രകാരം ₹ 1,24,537 കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസിനത്തിൽ ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. B-15 ഷെഡ്യൂൾ 431910101 ശീർഷകത്തിൽ Receivable From Government (Redumption Amount) - ഉൾപ്പെടുത്തിയ ₹13,02,442 യുടെ ആധികാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 44/26-11-21).

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18,166,589.36 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹54381733 |
| ആകെ | 72548322.36 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹50476115 |
| നീക്കിയിരിപ്പ് | 22072207.36 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2318986 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13406847 | 13406847 | 13406847 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 740000 | 740000 | 688991 | 51009 |
| വികസന ഫണ്ട്-ടി.എസ്.പി | | 921000 | 921000 | 921000 | 0 |
| മെയിന്റനൻസ്, റോഡ് | | 5379000 | 5379000 | 4126695 | 1252305 |
| മെയിന്റനൻസ്, നോൺ-റോഡ് | | 4176329 | 4176329 | 3353873 | 822456 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 9817721 | 9817721 | 7330866 | 2486855 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ഗ്രാന്റ്) | 5290000 | 5290000 | 5290000 | 874202 | 4415798 |
| മറ്റ് ഗ്രാന്റുകൾ | | | | | |
| ഐ.സി.ഡി.എസ് | 522258 | 973989 | 1496247 | 979290 | 516957 |
| ഐ.സി.ഡി.എസ് (നെയിം ബോർഡ്) | - | 72000 | - | - | 72000 |
| എം.പി.ഫണ്ട് | 15595 | -- | 15595 | -- | 15595 |
| നബാർഡ് | 89102 | - | 89102 | - | 89102 |
| സമ്പൂർണ ശുചിത്വം | 839828 | 304238 | 1144066 | 150000 | 994066 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1058551 | 1993210 | 3051761 | 1405018 | 1646743 |
| സാക്ഷരത | 453826.03 | 11320 | 465146.03 | - | 465146.03 |
| ആശ്രയ | - | 842216 | 842216 | 842216 | - |
| ലൈബ്രറി ഗ്രാന്റ് | 14820 | 12940 | 27760 | -- | 27760 |
| വിമുക്തി | 20195 | - | 20195 | 16600 | 3595 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 159 | 64913117 | 123 | 38192344 | - | 36 | 77.35 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 22 | 15 | 5767348 | 4307093 | 61.4 |
| 2 | അസി.എഞ്ചിനീയർ | 59 | 39 | 23677946 | 14249469 | 55.9 |
| 3 | അഗ്രിക്കൾച്ചർ ഓഫീസർ | 10 | 10 | 4331798 | 2436040 | 56.2 |
| 4 | മെഡിക്കൽ ഓഫീസർ ,പി..എച്ച്.സി. | 8 | 7 | 1617000 | 1213090 | 75 |
| 5 | മെഡിക്കൽ ഓഫീസർ (ആയു) | 3 | 3 | 979400 | 957400 | 97.8 |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 165000 | 153716 | 93.2 |
| 7 | ഹെഡ് മാസ്റ്റർ | 9 | 8 | 1186444 | 986908 | 83.2 |
| 8 | വെറ്ററിനറി സർജൻ | 8 | 6 | 4485000 | 1218904 | 27.2 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1416400 | 708646 | 50 |
| 10 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4383593 | 3587323 | 81.8 |
| 11 | വി.ഇ.ഒ | 21 | 19 | 13168188 | 7473755 | 56.8 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1200000 | 900000 | 75 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 2535000 | - | 0 |
| | ആകെ | 159 | 123 | 64913117 | 38192344 | 58.83 |

## 1-5-1 ഗ്രാമസഭകൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 വർഷത്തിൽ ഗ്രാമസഭകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. ഫെബ്രുവരി മാസം നടന്ന യോഗം താഴെക്കാണിച്ച അജണ്ടകൾ നിശ്ചയിച്ചുകൊണ്ടാണ് ചേർന്നിട്ടുള്ളത്.

2020-21 വാർഷിക പദ്ധതി അവലോകനം

2021-22 വാർഷിക പദ്ധതി രൂപീകരണം

ലൈഫ് മിഷൻ -അധിക ഗുണഭോക്താക്കളെ അംഗീകരിക്കൽ

സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായ ഗുണഭോക്താക്കളെ അംഗീകരിക്കൽ

ഓഡിറ്റ് റിപ്പോർട്ട് വായിച്ച് അംഗീകരിക്കൽ

മികച്ച പങ്കാളിത്തം യോഗത്തിലുണ്ടായിട്ടുണ്ട്. യോഗ മിനുട്സുകളെല്ലാം എഴുതി പൂർത്തീകരിച്ചിട്ടുണ്ട്.

## 1-5-2 ആസൂത്രണ സമിതി,വികസന സെമിനാർ,വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണസമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധിക വിഭവസമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ സുപ്രധാന ചുമതലകൾ നിർവഹിക്കാനുണ്ട്. ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, മേൽസൂചിപ്പിച്ച പ്രകാരമുള്ള സുപ്രധാന ചുമതലകൾ നിർവഹിക്കുന്നതിന് ആസൂത്രണസമിതിക്ക് ഈ വർഷം സാധിച്ചിട്ടില്ലെന്ന് പദ്ധതി അവലോകനം ചെയ്തതിൽ നിന്ന് വ്യക്തമാകുന്നു . 28.5.2020 ,1.2.2021 തീയതികളിലായി രണ്ട് തവണ മാത്രമാണ് ഈ സമിതിയുടെ യോഗം ചേർന്നിട്ടുള്ളത്. അതിലൊന്ന് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ മാത്രമാണ് ചർച്ച ചെയ്തത്. പദ്ധതികൾ സംബന്ധിച്ച് കാര്യമായ ചർച്ചകളോ ആസൂത്രണമോ ഉണ്ടായിക്കാണുന്നില്ല.

ആസൂത്രണ സമിതി അതിന്റെ ഉദ്ദേശ്യങ്ങൾ നിർവഹിക്കുന്ന രീതിയിൽ ചേരേണ്ടതും കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്.

വികസന സെമിനാർ

2020-21 ലെ വികസന സെമിനാർ 2.3.2020 ന് നടന്നു. 185പേർ പങ്കെടുത്തു.

വർക്കിംഗ് ഗ്രൂപ്പുകൾ

2020-21 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും യോഗം ചേർന്നതായി കാണുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | -- | 40564048 | 40564048 | 40564048 | |
| അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 673893 | 1251238 | 1925131 | 1920986 | 4145 |
| ആകെ | 673893 | 41815286 | 42489179 | 42485034 | 4145 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9013700 | 588 |
| തൊഴിൽ രഹിത വേതനം | 5760 | 8 |
| വിധവാ പെൻഷൻ | 10965800 | 747 |
| വാർദ്ധക്യകാല പെൻഷൻ | 17706600 | 1268 |
| ഭിന്ന ശേഷിക്കാരുടെപെൻഷൻ | 4249900 | 282 |
| അവിവാഹിത പെൻഷൻ | 2087000 | 146 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 കാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 10.11.2021 ന് ഉച്ച തിരിഞ്ഞ് 2.35 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 133357/ രൂപ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ചു നൽകിയിട്ടുണ്ട്. ജോലികളുടെ നിർവഹണത്തിലെ പുരോഗതി വിലയിരുത്തുകയും നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി വരുന്നതായും കാണുന്നു.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. റവന്യൂ പിരിവ്, ഫണ്ട് വിനിയോഗം ,പദ്ധതി നിർവഹണം എന്നിവയിലെ പുരോഗതി, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും ചേരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

## 1-10 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2014-15,2015-16,2016-17 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ, കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) (ഒന്നാം നില) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) (താഴത്തെ നില) |
|---|---|---|---|---|---|
| 1 | 10/211 | കുട്ട അംഗജൻ | 114/14-15 17.10.14 To 16.10.17 | 62.49 | 103.76 |
| 2 | 4/ 207 | പാറകെട്ടിൽ സഹദേവൻ | 120/14-15 07.11.14 To 06.11.17 | 43 | 26.65 |
| 3 | 1/ 83 | കോട്ടപ്രവൻ വാസുദേവൻ | 123/14-15 14.11.14 To | 46.27 | 23.72 |

| | | | | | |
|---|---|---|---|---|---|
| | | | 13.11.17 | | |
| 4 | 1/ 384 | ഒമ്പാൻ കുന്നത്ത് നസീമ | 207/14-15 03.06.15 To 02.06.18 | 90.48 | 131.13 |
| 5 | 2/ 113 | മേപ്പറമ്പത്ത് ബിന്ദു | 217/14-15 21.04.15 To 20.04.18 | 49.78 | 78.5 |
| 6 | 13/80 | മാത്തിൽസുശീല | 04/15-16 21.04.15 To 20.04.18 | 112 | 144.25 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 15തീയതി 17-11-2021) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

2.നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് പ്രത്യേക കെട്ടിട നമ്പർ നൽകി ഫോറം 10 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.സർക്കുലർ നം.29342/ആർഎ1/2014/തസ്വഭവ തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും, ടി വിവരം സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം വിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും സെക്രട്ടറി എല്ലാ മാസവും രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.

## 1-11 കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി അടച്ചതിന്റെ രസീതി ഹാജരാക്കിയില്ല

ജി.ഒ.(എം.എസ്) നം. 231/15/തസ്വഭവ തീയതി 9-7-15 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20,2020-21 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | തറവിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | തോട്ടത്തിൽഅബ്ദുൾ | 2/13 B | 235.85 |

| | | | |
|---|---|---|---|
| | ഖാദിർ | | |
| 2 | മൂര്യൻ രാജേഷ് | 10/308A | 182.36 |
| 3 | അറപ്പാണി അബ്ദുൾ ലത്തീഫ് | 2/136 C | 270.17 |
| 4 | ഇടത്തട്ട ശ്യാം സുന്ദർ | 14/154A | 134.51 |
| 5 | കാരാട്ട് നന്ദകുമാർ | 13/2 B | 152.75 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം 14 തീയതി 17-11-21) മറുപടിയിൽ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പ് ഇല്ലാതെ നമ്പറിങ്ങിനായുള്ള അപേക്ഷ സ്വീകരിക്കുന്നില്ലെന്നും വിട്ടുപോയവ എത്തിച്ച് തരുന്നതിനായി പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥനെ അറിയിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇനി മുതൽ പുതിയതായി നമ്പർ അനുവദിക്കുന്നതിന് ഹാജരാക്കുന്ന അപേക്ഷയോടൊപ്പം ഒറ്റതവണ നികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പ് നിർബന്ധമായും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷം ഇപ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ 2020-21 ഒന്നാം അർദ്ധവർഷം തന്നെ കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2020-21 വർഷത്ത ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായാണ് കാണുന്നത്.ഈടാക്കിയ നികുതി അഡ്വാൻസ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ നം ,തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | ഈടാക്കിയ നികുതി | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|
| 1 | A2/5056/20 06/11/20 | III/289 | പീടികക്കണ്ടി ഐസുമ്മ | 51 | 2020 -21 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസിൽ അധികം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | എ2/5795/20 21/12/20 | XI/172 | റിജിൻ ബാരുകണ്ടി | 181 | |
| 3 | എ2/322/21 08/01/21 | X/324 | മനോളി പത്മിനി | 28 | |
| 4 | ബി4/2417/21 19/03/21 | III/250 | കാരായി പ്രേമൻ | 103 | |
| 5 | A2/2261/21 10/03/21 | 3/168 | കരിപ്പായി സരോജിനി | 21 | |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28തീയതി 20-11-2021) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടുത്തുന്നതിന് വേണ്ടിയാണ് അഡ്വാൻസ് തുകയിൽ കാണിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ തൻവർഷത്തെ ഡിമാന്റ്, കലക്ഷൻ ആയി രേഖപ്പെടുത്തേണ്ട തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി അഡ്വാൻസ് ആയി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല.

## 1-13 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

1. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) , 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. 2020-21 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരഭം |
|---|---|---|---|
| 1. | പുത്തൻ പുരയിൽ വലിയാണ്ടി സഫീർ | 2 | 14/411, 413,415 സ്റ്റേഷണറി |
| 2. | പ്രസിഡണ്ട്,വി എഫ് പി സി കെ | 2 | 5/400 വളം ഡിപ്പോ |
| 3. | മുഹമ്മദ്. എ വി | 5 | 2/168 C സോപ്പ്, സോപ്പ് പൊടി, ഹാൻഡ് വാഷ് ഗോഡൗൺ |
| 4. | അബൂബക്കർ. എം.പി | 2 | 6/321 F G H സൂപ്പർമാർക്കറ്റ് |

2. 2020-21 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

1) കൃഷി ഭവൻ,മാലൂർ കൃഷി ഓഫീസറായ അശ്വിനി കെ എസ്, കൃഷി അസിസ്റ്റന്റ് വിനോദ് കെ കെ, സിനി പി വി, ബിനോജ്, അമൽരൂപ് എന്നിവരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

4) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്ക നിയമിച്ച ഡ്രൈവർമാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5) ഗ്രാമ പഞ്ചായത്ത് 2020-21 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6)ബി എസ് എൻ എൽ, മാലൂരിലെ ഓഫീസ് സൂപ്രണ്ടായ സി. ജെ. സെബാസ്റ്റ്യൻ, ടെലകോം ടെക്നീഷ്യനായ ഭാസ്കരൻ എന്നിവരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (5/15.11.21) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 1,24,537 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-15 ഉപയോഗക്രമം മാറിയത്

1.കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

എഫ്.ടി.ഇ&ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ്വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 2 | V/400 | വി എഫ് പി സി കെ | പഴം, പച്ചക്കറി വില്പന |
| 3 | V/269 | ഒ. ദാസൻ | പടക്കം വില്പന |
| 4 | 1/183 | സനിൽ കണ്ടിയിൽ | ടയർ പഞ്ചറിംഗ് കട |
| 5 | 1/290 | പുതിയ വീട്ടിൽ റയീസ് | അനാദിക്കച്ചവടം |
| 6 | I/273 | മുനവീർ.ഇ.എൻ | ടൈൽസ് ഷോപ്പ് |
| 7 | II/236 | നിട്ടൂർ പ്രദീപൻ | അനാദിക്കച്ചവടം |
| 8 | II/169 | വല്ലത്ത് അബ്ദുൾ ഖാദർ | ചായക്കട |
| 9 | IV/371 | ഇ. കൃഷ്ണൻ | അരി, ഗോതമ്പ് പൊടിച്ച് വിതരണം |

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 27/20.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല

എഫ്.ടി.ഇ&ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ വിവരം സഞ്ചയസോഫ്റ്റ് വെയറിൽ ലഭ്യമല്ല.

| ക്രമനം. | വാർഡ് നമ്പർ/ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|

| | | | |
|---|---|---|---|
| | ബിൽഡിംഗ് നമ്പർ | | |
| 1 | V/483 | പവിത്രൻ. എൻ | ടെക്സ്റ്റയിൽസ് ഷോപ്പ് |
| 2 | V/19 A B C | ഒ. പി. മുഹമ്മദ് | പലചരക്ക്കട |
| 3 | I/847 | വിഷ്ണു. കെ | സ്റ്റിക്കർ കട്ടിംഗ് |
| 4 | III/132 AB C | നാണു.ടി | പലചരക്ക്കട |
| 5 | III/408 B | കെ.പി. രവീന്ദ്രൻ | പലചരക്ക്കട |

മേൽ പരാമർശത്തിന് നൽകിയ അന്വേഷണത്തിന് (നമ്പർ 27/20.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വ്യക്തികൾ നിലവിൽ വസ്തുനികുതി ഒടുക്കി വരുന്നവരാണെന്നും, കെട്ടിട നമ്പറിലെ മാറ്റം കാരണം ഇവരുടെ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിൽ വീഴ്ച വന്നിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

മാലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. മാലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളുണ്ടെന്നും, മുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്നും കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(4/15.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4(1)പ്രകാരം പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 4(6)പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് പത്ത് രൂപ ഫീസ് സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ചട്ടം 5പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും പട്ടി, പന്നി എന്നിവ വളർത്തുന്നുണ്ടെങ്കിൽ 250/-രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പേവിഷ നിർമാർജ്ജനം( 39/2021 )എന്ന പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് 13.03.21 , 15.03.21, 16.03.21 എന്നീ തീയതികളിൽ വളർത്തു പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിരുന്നു .പ്രതിരോധ കുത്തിവെപ്പ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 2020-2021 വർഷത്തിൽ 365 പട്ടികൾക്ക് കുത്തിവെപ്പ് നടത്തിയതായി ചേർത്തിട്ടുണ്ട് .എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പിഗ് &ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 19 വളർത്തു പട്ടികൾക്ക് മാത്രമേ ഫീസ് ചുമത്തിയിട്ടുള്ളൂ. ബാക്കിയുള്ള 346 പട്ടികൾക്ക് 1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും ,പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.42/24.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ വളർത്തു പട്ടികൾക്കും ഫീസ് ചുമത്തേണ്ടതും അല്ലെങ്കിൽ ചട്ടം 5പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-18 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയില്ല

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ, പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ

സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1 | VI/262 | രാഹുൽ. ഇ. ആർ, ആയുർവ്വേദ തെറാപ്പി സെന്റർ |

മേൽ സ്ഥാപനം ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2019-20 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 5/52 A B | നാണു രാജീവൻ, സിറ്റി കെയർ മെഡിക്കൽ ലാബ് |
| 2. | 4/209 | സായൂജ്. ഏ. കെ, ഏയ്ഞ്ചൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ സെന്റർ |
| 3. | ലഭ്യമല്ല | സജിമ. എൻ, ഡ്രീംസ് മെഡിക്കൽ ലാബ് |
| 4. | 15/1A,1B, 1C | വിജിന. കെ മെഡിക്കൽ ലാബ് |
| 5. | 6/120 E F | നിഷ. എൻ സൂര്യ മെഡിക്കൽ ലാബ് |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/16.11.21)മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ പുതുക്കൽ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 റേഷൻ കട ലൈസൻസ് പുതുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകളിൽ 2020-21 സാമ്പത്തിക വർഷം ഒരു റേഷൻ കട ലൈസൻസ് പുതുക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ്) എ9-764/19 സർക്കുലറിൽ റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. 15.11.2021ലെ ഓഡിറ്റ് അന്വേഷണം 4-ന് മറുപടിയിൽ കടയുടമയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം - 125252/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്

| | |
|---|---|
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| | 47/20-21ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം |
| അടങ്കൽ | 700000വികസന ഫണ്ട്<br>150000ബ്ലോക്ക് വിഹിതം<br>12000 തനത് ഫണ്ട്<br>150000ജില്ലാ പഞ്ചായത്ത്<br>1012000 |
| ചെലവ് | 700000വികസന ഫണ്ട്<br>12000 തനത് ഫണ്ട്<br>150000ജില്ലാ പഞ്ചായത്ത്<br>862000 |
| ബിൽ നമ്പർ/വൗച്ചർ, തീയതി | ₹ 93000, 2/2020-21, 30.07.2020<br>₹63200, 4/2020-21, 14.8.2020<br>₹67400, 5/2020-21, 19.11.2020<br>₹46150, 9/2020-21, 24.12.2020<br>₹190916, 10/2020-21, 19.01.2021<br>₹37080, 12/2020-21, 13.03.2021<br>₹150000, 13/2020-21, 27.03.2021<br>₹202254, 14/2020-21, 30.03.2021<br>₹12000 ചെക്ക് നമ്പർ 100139/31.3.2021<br>ആകെ ₹862000 |

മേൽ പ്രൊജക്ട് പ്രകാരം കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്ന് (പ്രഫോർമ ഇൻവോയ്സ് നമ്പർ 4104/29.12.20) പ്രകാരം വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹ 285640 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത ഇൻവോയ്സുകൾ പ്രകാരം ₹160388 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 25തീയതി 19-11-21) മറുപടിയിൽ 1,25,252 രൂപയുടെ മരുന്നു ലഭിക്കാൻ ബാക്കിയുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയ്സ് സഹിതം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 6259, 17.09.2021 | 33590 |
| 3958, 22.7.2021 | 102879 |
| 2008, 31.5.2021 | 23919 |
| ആകെ | 160388 |

മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -

അർഹതപ്പെട്ട നിരക്കിൽ മുഴുവൻസ്കോളർഷിപ്പ് തുകയും അനുവദിച്ചിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ /പേര് | 33/2021 (ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ) |
| അടങ്കൽ | 600000 (വികസന ഫണ്ട് )<br>300000 (ബ്ലോക്ക് വിഹിതം)<br>300000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ അടങ്കൽ | 1200000 |
| ചെലവ് | 398550 (വികസന ഫണ്ട് )<br>199275 (ബ്ലോക്ക് വിഹിതം)<br>199275 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ചെലവ് – ₹797100 |
| ബിൽ നമ്പർ /ചെക്ക് നമ്പർ | 202204520057010887290,4.1.21<br>₹190800<br>20220452005700976724,21.1.2021 ₹199275<br>202204520057003976722,21.1.2021₹199275<br>20220452005701097916,17.2.21<br>₹207750 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 ഉത്തരവിലെ ഖണ്ഡിക 7.1.6(എ) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹28,500/- (1000 X 12 + 1500 + 2000 + 1000 X 12 + 1000) രൂപയുടെ സ്കോളർഷിപ്പിന് അർഹമായിരിക്കെ 27 ഗുണഭോക്താക്കൾക്ക് ₹26,500/- നിരക്കിലാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 12/20-21, 16.11.21) സ്കൂളുകൾക്ക് 2 മാസം അവധിയായത് കൊണ്ടാണ് രണ്ട് മാസത്തെ സ്കോളർഷിപ്പ് കുറവ് വരുത്തി അനുവദിച്ചതെന്നും ഭാവിയിൽ അർഹതപ്പെട്ട മുഴുവൻ തുകയും അനുവദിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട് . സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ് .

1-22 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല

2020-21 ൽ കൃഷി ഓഫീസർ 10 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ സമഗ്ര നെൽകൃഷി വികസനം, തരിശ് രഹിത ഗ്രാമം - എള്ള് കൃഷി വ്യാപനം, തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി, കര നെൽകൃഷി എന്നീ പദ്ധതികൾ കൂലിചെലവ് അനുവദിച്ചതാണ്. കൃഷി ചെയ്ത ഭൂവിസ്തൃതിക്ക് ആനുപാതികമായി ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ്

കൃത്യമായി നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. 2020-21 വർഷം മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലായെന്നാണ് പ്രോജക്ടുകളുടെ പരിശോധനയിൽ കാണാനായത്. പ്രോജക്ടുകളുടെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ വിലയിരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. എല്ലാ പ്രോജക്ടുകളോടൊപ്പവും നിർബന്ധമായും മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നമ്പർ /പേര് | 38/2021 |
| അടങ്കൽ | 5,00,000(വികസന ഫണ്ട്)<br>5,00,000(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ) |
| ആകെ അടങ്കൽ | 10,00,000 |
| ചെലവ് | 5,00,000 |
| ബിൽ നമ്പർ ,തീയതി | പി3/2020-2021, 27.01.21<br>₹5,00,000 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി 12500 രൂപ നിരക്കിൽ 5,00,000 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ, സ്പ്യഷൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം കണ്ണൂർ ന് നൽകിയിട്ടുണ്ട് (A/C-71901140000003). പദ്ധതിയുടെ ഭാഗമായി കാലിതീറ്റ വിതരണം ചെയ്തത് മാലൂർ ക്ഷീരോൽപാദക സഹകരണ സംഘം മുഖേനയാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ തുടർന്ന് ( 3/ 19-20, 12.11.21 ) സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 305270 രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ പ്രോജക്ട് തുടരുന്നതിനാൽ പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 1-24 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രൊജക്ട് നമ്പർ /പേര് | 27/20-21 (ലൈഫ് ഭവന പദ്ധതി) |

| | |
|---|---|
| അടങ്കൽ | 20,00,000(വികസന ഫണ്ട്)<br>12,00,000(ബ്ലോക്ക് വിഹിതം)<br>4,00,000(ജില്ലാ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 36,00,000 |
| ചെലവ് | 24,40,000 |
| ബിൽ നമ്പർ | 29/21,4.3.21 ₹200000<br>30/21,9.3.21 ₹400000<br>28/21,4.3.21 ₹200000<br>21/21,17.2.21 ₹600000<br>40/21,30.3.21₹320000<br>37/21,29.3.21₹320000<br>33/21,10.3.21₹80000<br>50/21,29.3.21₹120000<br>49/21,29.3.21₹200000 |

നിലവിൽ വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനും വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

മേൽ പദ്ധതി പ്രകാരം ആകെയുള്ള 15 ഗുണഭോക്താക്കളിൽ 4 പേർക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട് . ഗുണഭോക്താക്കൾ താഴെ പറയുന്ന പ്രകാരം ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (2020-21വരെ) | ബാക്കി തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|
| 1 | ബാലകൃഷ്ണൻ.എം (വാർഡ് 8) | 200000 | 200000 | കോൺക്രീറ്റ് |
| 2 | മണി ആർ (വാർഡ് 2) | 40000 | 360000 | ഓണർഷിപ്പ്സർട്ടിഫിറ്റ് |
| 3 | ഉസ്മാൻ ഷെറീഫ്.കെ വി (വാർഡ് 2) | 200000 | 200000 | ഓണർഷിപ്പ്സർട്ടിഫിറ്റ് |
| 4 | ആയിഷ എ.കെ(വാർഡ് 2) | 200000 | 200000 | ഓണർഷിപ്പ്സർട്ടിഫിറ്റ് |

ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.11.2021) നിലവിൽ എല്ലാ ഗുണഭോക്താക്കളും 3-ാം ഗഡു കൈപ്പറ്റി അവസാന ഘട്ട നിർമ്മാണത്തിലാണെന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് അവസാന ഗഡു കൈമാറുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട് .

ഭവന നിർമ്മാണം പൂർത്തികരിക്കാത്ത വീടുകൾ എത്രയും വേഗം പൂർത്തികരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 മരുന്ന് വാങ്ങൽ - 100000 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊജക്ട് നമ്പർ /പേര് | 22/20-21 ഗവ .ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 100000 മെയിന്റനൻസ് ഫണ്ട് (റോഡിതരം ) |
| ചെലവ് | 100000 |
| ബിൽ നമ്പർ,തീയതി | 20220452006001131970, 12.01.2021 |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 100000/- രൂപ HOMCO ആലപ്പുഴ എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട് (പ്രഫോർമ ഇൻവോയ്സ് നമ്പർ 1167/12-01-2021). എന്നാൽ മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30 തീയതി 22-11-2021) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് 22.11.2021 നാണ് ലഭിച്ചതെന്നും ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് .

1-26 മാലൂർ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- ₹45837 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രൊജക്ട് നമ്പർ /പേര് | 46/20-21 മാലൂർ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 (മെയിന്റെനൻസ് ഫണ്ട് ) റോഡിതരം |
| ചെലവ് | 200000( മെയിന്റെനൻസ് ഫണ്ട് ) റോഡിതരം |
| ബിൽ നമ്പർ,തീയതി | 11/20-21, 28.1.21₹200000 |

പ്രഫോർമ ഇൻവോയ്സ് നമ്പർ 4055/24.12.20പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹ 200000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത ഇൻവോയ്സുകൾ പ്രകാരം ₹154163 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

| ഇൻവോയ്സ് | തുക |
|---|---|

| നമ്പർ,തീയതി | |
|---|---|
| 3597,12.7.21 | 18844 |
| 2672,23.6.21 | 44426 |
| 425,23.6.21 | 5836 |
| 183,4.6.21 | 15032 |
| 44331,16.3.21 | 11335 |
| 2629,16.3.21 | 8229 |
| 44583,26.3.21 | 50461 |
| ആകെ | 154163 |

അവശേഷിക്കുന്ന ₹45837 രൂപക്കുള്ള മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/19.11.21) കാരുണ്യ മെഡിക്കൽസ് വഴി വിതരണം ചെയ്യുന്ന മരുന്നുകൾ തവണകളായി മാത്രമാണ് വിതരണം ചെയ്യുന്നതെന്നും മരുന്ന് ലഭിക്കുന്ന മുറക്ക് ഒറിജിനൽ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട് . മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയ്സ് സഹിതം ഹാജരാക്കേണ്ടതാണ് .

## 1-27 എസ്.എസ്.എ. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 57/21, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 5,40,360 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 5,40,360, ബിൽ നമ്പർ 3/20-21, തീയതി 28-01-2021 |

എസ്.എസ്.എ പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹ 5,40,360 പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 1139101070109, കനറ ബാങ്ക്) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആനുവൽ വർക്ക് പ്ലാനും ബജറ്റും അനുസരിച്ച് വിഹിതം നല്കിയ തുകയ്ക്ക് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ അനുവദിക്കുന്ന വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പകർപ്പിൽ അടങ്കൽ തുക ₹7,15,500 ആയി റിവൈസ് ചെയ്തിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖയിൽ ₹ 5,40,360 മാത്രമാണ് അടങ്കലായി ചേർത്തിട്ടുള്ളത്.

അപാകങ്ങൾ പരിഹരിക്കാൻ ഓഡിറ്റ് അന്വേഷണം നല്കിയതിന് (നമ്പർ 17/20-21, 18-11-2021) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 പട്ടികജാതിയിൽപെട്ട എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല.22200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 182/21, പട്ടികജാതിയിൽപെട്ട എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർ ത്ഥികൾക്ക് ഫർണിച്ചർ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 52,000 (വികസന ഫണ്ട്, എസ്. സി. പി.) |

| | |
|---|---|
| ചെലവ് | ₹ 22,200 ബിൽ നമ്പർ 4/20-21, തീയതി 08-02-2021 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിയിൽപെട്ട എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നല്കുന്നതിനായി ഹെഡ് മാസ്റ്റർ 2020-21 വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ഇൻവോയ്സ് നമ്പർ 61, തീയതി 12-03-2020 പ്രകാരം 6 സ്റ്റീൽ മേശയും 6 കസേരകൾക്കുമായി ₹ 22,200 ശ്രീ. ശ്രീലേഷ് സി, എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കല്ല് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67040627606, SBI) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേശകളും കസേരകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (19/20-21,18-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹ 22,200 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ (സ്പിൽ ഓവർ) - ചെലവു രേഖകൾ ഹാജരാക്കിയില്ല. ₹ 1,64,120 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 128/20, ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,70,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 164120/- (വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല) |

2020-21 വർഷം സ്പിൽ ഓവർ ആയി ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ ഗവ. എൽ.പി സ്കൂളുകൾ ഹൈടെക് ആക്കി മാറ്റൽ എന്ന മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുരേഖകളും പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ ₹1,64,120 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല.

മാലൂർ ഗ്രാമ പഞ്ചായത്തിലെ 4,7,10,11 തരം തുല്യത പരീക്ഷയ്ക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2020-21 വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 84/21, തുടർ സാക്ഷരത 4,7,10,11 തുല്യത |
| അടങ്കൽ | ₹ 50,000 (തനത് ഫണ്ട്) |
| ചെലവ് | ₹ 49,600 വൗച്ചർ നമ്പർ 22000986, തീയതി 20-03-2021 |

1. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന പതിനൊന്നാംതരം തുല്യത കോഴ്സിൽ 13 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 13 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 2,200 പ്രകാരം ₹28,600 യും പത്താംതരം തുല്യത കോഴ്സിൽ 12 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 1,750 പ്രകാരം ₹21,000 യും അടവാക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദേശിച്ചതനുസരിച്ച് മേൽ ചെലവുതുക കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (പതിനൊന്നാംതരം അക്കൗണ്ട് നമ്പർ 02880100113107 ലേക്കും പത്താംതരം അക്കൗണ്ട് നമ്പർ 57026996123 ലേക്കും) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കി പഠിതാക്കളുടെ ലിസ്റ്റ് സഹിതം ഹാജരാക്കിയാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് ഒറിജിനൽ രശീതി സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്നതാണെന്ന് ജില്ലാ കോ-ഓർഡിനേറ്റർ കത്തിൽ അറിയിച്ചിരുന്നു. എന്നാൽ രശീതി ഫയലിൽ ലഭ്യമല്ല. സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/18.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 തുടർ സാക്ഷരത (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല.- 63200/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 127/21, തുടർ സാക്ഷരത 4,7,10,11 തുല്യത (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 66084 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 63,200 ബിൽ നമ്പർ 1/20-21, തീയതി 16-04-2021 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ 4,7,10,11 തരം തുല്യത പരീക്ഷയ്ക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടിൽ നൽകിയ ബിൽ ക്യൂ ബില്ലായതിനാൽ 2020-21 വർഷം സ്പിൽ ഓവറായാണ് പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2019-20 വർഷം ക്യൂ ബില്ലായ ബിൽ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. തൻവർഷം സ്പിൽ ഓവർ പ്രോജക്ടിൽ ₹ 63,200 പിൻവലിച്ച ട്രഷറി ബില്ലും തുക കേരള സംസ്ഥാന സാക്ഷരതാ മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പത്താംതരം, പതിനൊന്നാംതരം പഠിതാക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതിന്റെ ലിസ്റ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ലഭിക്കുന്ന ഒറിജിനൽ രശീതി ഫയലിൽ ലഭ്യമല്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അപാകങ്ങൾ പരിഹരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(21/20-21,18-11-2021) മറുപടി ലഭ്യമാക്കി യിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ ₹ 63,200 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 2/21, ഐ.കെ.എം. വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹ 1,69,516 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 1,69,516 ബിൽ നമ്പർ 8/20-21, തീയതി 26-08-2020 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്കരണത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് നിയമിക്കപ്പെട്ട ഐ കെ എം ന്റെ സഹായത്തോടെ പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹ 1,69,516 പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 57047023512, എസ്.ബി.ഐ) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ കെ എം തുക കൈപ്പറ്റിയതിന്റെ രശീത്, ധന വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 അംഗൻവാടി വൈദ്യുതീകരണം - രേഖകൾ ഹാജരാക്കിയില്ല.ചെലവുതുക ₹2,44,548 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 21/21, അംഗൻവാടി വൈദ്യുതീകരണം |
| അടങ്കൽ | ₹ 1,699 (തനത് ഫണ്ട്) |
| | ₹ 75,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ആകെ | ₹76,699 |
| ചെലവ് | ₹ 75,000, ബിൽ നമ്പർ 23/20-21, തീയതി 13-01-2021<br>₹1,699 വൗച്ചർ നമ്പർ 22000691, തീയതി 15-01-2021 |

മാലൂർ ഗ്രാമ പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിംഗ് പ്രവൃത്തി പൂർത്തീകരിച്ച അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും ₹ 75,000 യും തനത് ഫണ്ടിൽ നിന്നും ₹1,699 യും പിൻവലിച്ച് യഥാക്രമം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കോളയാടിനും (അക്കൗണ്ട് നമ്പർ 67149655269, SBI), അസി.എഞ്ചിനീയർ കെ എസ് ഇ ബി ശിവപുരത്തിനും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 124/21, വിവിധ അങ്കണവാടി വൈദ്യുതീകരണം (SO) |
| അടങ്കൽ | ₹1,70,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 1,67,849 |
| | ₹ 1,20,000ബിൽ നമ്പർ 1/20-21, തീയതി 16-04-2020 |
| | ₹47,849 ബിൽ നമ്പർ 21/20-21, തീയതി 13-01-2021 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി കുട്ടികൾക്ക് വേനൽക്കാല ചൂട് പ്രതിരോധിക്കുന്നതിനും വെളിച്ചം പ്രദാനം ചെയ്യുന്നതിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായി നിലവിൽ വയറിംഗ് ചെയ്യാൻ ബാക്കിയുള്ള പറമ്പൻ, പാങ്കളം, മരുവഞ്ചേരി എന്നീ 3 അംഗൻവാടികൾക്ക് വയറിംഗ് പ്രവൃത്തി ചെയ്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കൊടുക്കുന്നതിനുള്ള പ്രോജക്റ്റാണിത്. പദ്ധതി പ്രകാരം തുക പിൻവലിച്ച് പ്രവൃത്തിചെയ്ത കരാറുകാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ക്രമ നമ്പർ 1-ൽ പറയുന്ന പ്രവൃത്തിയുടെ കരാർ ഉടമ്പടിയും പൂർത്തീകരണ സാക്ഷ്യപത്രവും തുകയുടെ വിനിയോഗ വിവരവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ ഉടമ്പടി ഫയലിൽ ലഭ്യമല്ലാത്തതിനാൽ പൂർത്തീകരണ കാലാവധി എപ്പോഴാണെന്ന് വ്യക്തമല്ല. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോയെന്ന വിവരവും ലഭ്യമായില്ല. ക്രമനമ്പർ 2-ൽ പറയുന്ന പ്രവൃത്തിയുടെ ഫയലും അളവ് പുസ്തകവും ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (35/24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹2,44,548 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 4/21, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹ 1,25,000 (തനത് ഫണ്ട്) |
| ചെലവ് | ₹ 1,00,276വൗച്ചർ നമ്പർ 22000486, തീയതി 28-10-2020 |

പഞ്ചായത്ത് ഓഫീസ് സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടത്തി ജനസൗഹൃദ കാര്യക്ഷമതാ ഓഫീസ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും CPRCS വെബ്സൈറ്റ് വഴി ഓർഡർ ചെയ്ത് വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും ₹ 1,00,276 പിൻവലിച്ച് കേരള സംസ്ഥാന ഐ ടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രിന്റർ ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ടും കമ്പ്യൂട്ടറുകളുടെ കെൽട്രോണിൽ നിന്നുള്ള പ്രഫോർമ്മ ഇൻവോയ്സും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. സെക്രട്ടറി കെൽട്രോണുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി, കമ്പ്യൂട്ടർ ലഭിച്ചതിന്റെ അസ്സൽ ബിൽ, കമ്പ്യൂട്ടർ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾ ഇതിനോടകം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

(34/24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-35 പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹ 9,05,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 130/21, പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറൽ |
| അടങ്കൽ | ₹ 9,05,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 9,05,000 ബിൽ നമ്പർ 2/20-21, തീയതി 16-04-2020 |

പി എച്ച് സി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തുക കൈമാറുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ട്, റോഡിതരത്തിൽ നിന്നും ₹ 9,05,000 പിൻവലിച്ച് കണ്ണൂർ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക കൈമാറുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. കണ്ണൂർ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ തുക കൈമാറുന്നതിനുള്ള കത്താണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സൊസൈറ്റി തുക കൈപ്പറ്റിയതിന്റെ രശീത്, കരാർ ഉടമ്പടി, ധന വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹ 9,05,000 തടസ്സപ്പെടുത്തുന്നു.

1-36 സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയില്ല, ₹ 7,99,918 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 6/21, സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ |
| അടങ്കൽ | ₹ 8,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 7,99,918 ബിൽ നമ്പർ 20/20-21, തീയതി 13-01-2021 |

സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കുന്നതിനായി (കൊന്നേരിപ്പാലം-താളിക്കാട്-കുണ്ടേരിപ്പൊയിൽ- മാലൂർ സിറ്റി, താളിക്കാട്-കെ പി ആർ നഗർ) തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും ₹ 7,99,918 പിൻവലിച്ച് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, ശിവപുരത്തിന്റെ എസ് ബി ഐ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 67149655269) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ശിവപുരവുമായി ഉണ്ടാക്കിയ കരാറിൽ ഉടമ്പടി നമ്പർ, കരാറിൽ ഏർപ്പെട്ട തീയതി, പ്രവൃത്തിയുടെ പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പേതന്നെ മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽപറഞ്ഞ അപാകങ്ങൾക്കുള്ള മറുപടി/വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹ 7,99,918 തടസ്സപ്പെടുത്തുന്നു.

1-37 ഭൂജല വകുപ്പിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തത് - രേഖകൾ ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 91/21, ജവഹർ വായനശാലയുടെ കുഴൽകിണർ റിപ്പയറിംഗ് |
| അടങ്കൽ | ₹ 50,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 50,000 ബിൽ നമ്പർ 24/20-21, തീയതി 13-01-2021 |

മാലൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മാലൂർ സിറ്റിയിൽ പ്രവർത്തിക്കുന്ന ജവഹർ വായനശാലയുടെ കുഴൽകിണർ കേടായതിനാൽ വായനശാലയിലെത്തുന്ന പൊതുജനങ്ങൾക്ക് കുടിവെള്ളം, ടോയ് ലറ്റ് സൗകര്യം എന്നിവ തടസ്സപ്പെട്ടതിനാൽ റിപ്പയറിംഗ് നടത്തി ജലലഭ്യത ഉറപ്പാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഭൂജല വകുപ്പ് വഴി തുക ഡെപ്പോസിറ്റ് ചെയ്താണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. ഇപ്രകാരം ₹ 50,000 പിൻവലിച്ച് ഭൂജല വകുപ്പിന്റെ 719011400000020 നമ്പർ ട്രഷറി അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസറുടെ 16-06-2021 ലെ ജി.ഡബ്ല്യു/KNR/1705/2020 നമ്പർ കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതായും ₹13,342 അധികം ചെലവായതായും ഈ തുക എത്രയും പെട്ടെന്ന് ഒടുക്കിയാൽ തുകയുടെ വിനിയോഗ വിവരവും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും അയച്ചുതരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർദ്ദേശപ്രകാരം തുക ഒടുക്കി പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (37/24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം - വർദ്ധിപ്പിച്ച നിരക്കിൽ പ്രീമിയം തുക ഈടാക്കി ഒടുക്കാത്തത് സംബന്ധിച്ച്.

വൗച്ചർ നമ്പർ 22000016, തീയതി 02-04-2020 പ്രകാരം 2020 മാർച്ച് മാസത്തെ ജീവന ക്കാരുടെ ശമ്പളത്തിൽ നിന്നും ₹ 4,400 ഈടാക്കി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഒടുക്കിയിട്ടുണ്ട്. ഇതിൽ രണ്ടു ജീവനക്കാരിൽ നിന്നും ജി ഒ (പി) 112/2016/ധന, തീയതി 01-08 -2016 ഉത്തരവ് പ്രകാരം (പ്രാബല്യം 01-09-2017) വർദ്ധിപ്പിച്ച പ്രീമിയം തുക ഈടാക്കാതെ പഴയ നിരക്കിൽ തന്നെ ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട പ്രീമിയം | ഈടാക്കിയത് |
|---|---|---|---|
| ശ്രീ. രതീഷ് കാനായി, സീനിയർ ക്ലാർക്ക് | 31500 | 400 | 200 |
| ശ്രീമതി രജനി കെ, ഹെഡ് ക്ലാർക്ക് | 34800 | 400 | 200 |

2020-21 വർഷം 03/20, 04/20, 05/20, 06/20 എന്നീ മാസങ്ങളിൽ ഇവരിൽ നിന്നും പഴയ നിരക്കിൽ തന്നെയാണ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയിട്ടുള്ളത്. ഉത്തരവിനു വിരുദ്ധമായി ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഈടാക്കി ഒടുക്കുന്നതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും ഉത്തരവു പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഈടാക്കി ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 മഴക്കാല പൂർവ്വ ശുചീകരണം - വൗച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല - ₹ 1,20,000 തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണം/പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 22000786, തീയതി 12-02-2021 പ്രകാരം വാർഡ് ഒന്നിന് ₹ 10,000 നിരക്കിൽ 15 വാർഡുകൾക്ക് ₹ 1,50,000 (ശുചിത്വ മിഷൻ ഫണ്ട്) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ I, III, XII വാർഡുകളിൽ തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള മുഴുവൻ വാർഡുകളിലും തുക

ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (41/24-11-2021). ആയതിനാൽ ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ ₹ 1,20,000 തടസ്സത്തിൽ വെക്കുന്നു.

## 1-40 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - സെക്ഷനിലും മേൽത്തട്ടിലും മതിയായ പരിശോധന നടത്തുന്നില്ല- ഒരേ വ്യക്തികൾക്ക് രണ്ടു പ്രാവശ്യം തുക നല്കി, അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനായി 2019-20 വർഷം അപേക്ഷ സമർപ്പിച്ച മൂന്ന് അപേക്ഷകർക്ക് 2019-20, 2020-21 വർഷങ്ങളിലായി രണ്ടുപ്രാവശ്യം തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര്, വിലാസം | അപേക്ഷ തീയതി | വൗച്ചർ നമ്പർ/ബിൽ നമ്പർ | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|---|
| ശ്രീമതി. മാങ്ങാടൻ മാധവി | 15-05-2019 | വൗച്ചർ നമ്പർ 21900359, തീയതി 20-08-2019 | SYNB 42452210000269 | 30000 |
| | | വൗച്ചർ നമ്പർ 21900846, തീയതി 22-01-2020 | SYNB 42452210000269 | 30000 |
| പുഷ്പ പൂക്കണ്ടി കളരിക്കണ്ടി വീട്, പി.ഒ.ശിവപുരം, മട്ടന്നൂർ. | 07-02-2019 | വൗച്ചർ നമ്പർ 21900359, തീയതി 20-08-2019 | SYNB 42452250001499 | 30000 |
| | | വൗച്ചർ നമ്പർ 22000979, തീയതി 18-03-2021 | SYNB 42452250001499 | 30000 |
| ഷൈലജ പഴയിടത്ത്, പാറേമ്മൽ ഹൗസ്, തോലമ്പ്ര പി.ഒ., പേരാവൂർ. | 24-05-2019 | വൗച്ചർ നമ്പർ 21900359, തീയതി 20-08-2019 | KLGB 40498101019643 | 30000 |
| | | വൗച്ചർ നമ്പർ 22000979, തീയതി 18-03-2021 | KLGB 40498101019643 | 30000 |

അപേക്ഷകർക്ക് രണ്ടുപ്രാവശ്യം തുക അനുവദിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 8/19-20, തീയതി 15-11-21, ) മറുപടിയിൽ ശ്രദ്ധക്കുറവുമൂലം സംഭവിച്ചുപോയതാണെന്ന് അറിയിക്കുകയും അപേക്ഷകരെക്കൊണ്ട് രശീത് നമ്പർ 1210100811, തീയതി 16-11-21(മാധവി), 1210100879, തീയതി 18-11-2021(പുഷ്പ പൂക്കണ്ടി), 1210100848, തീയതി 18-11-2021(ഷൈലജ പഴയിടത്ത്) പ്രകാരം അധികം നല്കിയ തുക തിരിച്ചടപ്പിക്കുകയും ചെയ്തിരുന്നു.

വിവാഹ ധനസഹായം നല്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന അപേക്ഷകളും അതിൽ നടപടി സ്വീകരിക്കുന്ന നോട്ട് ഫയലുകളും ഒറ്റ ഫയലായി സൂക്ഷിക്കുന്നില്ല. അപേക്ഷയും തുക അനുവദിച്ച വൗച്ചറും അനുബന്ധ രേഖകളും വെവ്വേറെ സൂക്ഷിക്കുന്നതിനാൽ ഒരാൾക്കുതന്നെ രണ്ടുപ്രാവശ്യം തുക നല്കാനുള്ള സാഹചര്യം ഉണ്ടാകുന്നു.

2. രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ 9 കോളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് തലക്കെട്ട് ചേർത്തിട്ടില്ല. 6-ാം കോളത്തിൽ Paid എന്ന് രേഖപ്പെടുത്തുന്നതല്ലാതെ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുകയോ വിതരണ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. Paid എന്ന് മാത്രം

രേഖപ്പെടുത്തുന്നതിനാൽ ഇവർക്ക് ഏത് വർഷമാണ് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമല്ല.

3. രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും തീരുമാനങ്ങൾ വരെ മാത്രമേ നോട്ട്ഫയൽ എഴുതുന്നുള്ളൂ. സെക്രട്ടറി തുക അനുവദിച്ചതിന്റെയോ അപേക്ഷകർക്ക് തുക കൈമാറിയതിന്റെയോ വിവരങ്ങൾ നോട്ട്ഫയലിൽ ചേർക്കുന്നില്ല.

4. തുക അനുവദിച്ച ഫയലുകളിൽ (രണ്ടാമതും തുക അനുവദിച്ച കേസുകളിൽ) വൗച്ചറിനോടൊപ്പം അപേക്ഷയും നോട്ട് ഫയലും ചേർത്ത് ഫയൽ ചെയ്തിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങളാൽ ഒരേ അപേക്ഷയിൽ രണ്ടുപ്രാവശ്യം തുക നൽകുന്നത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഒരു വർഷത്തെ അപേക്ഷകളും അവയിൽ കൈക്കൊണ്ട നടപടികളും ഒറ്റ ഫയലായി സൂക്ഷിക്കുന്നതിനും സെക്ഷൻ ഫയലിൽ സ്വീകരിക്കുന്ന നടപടികൾ മേലുദ്യോഗസ്ഥർ സൂക്ഷ്മ പരിശോധന നടത്തുന്നതിനും ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും വിവാഹ ധനസഹായം അനുവദിച്ച മുഴുവൻ കേസുകളും പുന:പരിശോധിച്ച് ഇത്തരത്തിൽ തുക അധികം നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-41 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ നിർത്തലാക്കുന്നില്ല.

മരണം രജിസ്റ്റർ സമയത്ത് മാലൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| ടി വി അഹമ്മദ് കുട്ടി, കുനിമ്മൽ ഹൗസ്, ശിവപുരം | 274582603559 | 111750200243 | 20-05-2020 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ | 2021 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ജാനകി കെ വി, മീത്തലെ പുരയിൽ, തോലമ്പ്ര | 986093160917 | 111750200556 | 13-06-2020 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ | 2021 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| അണിയേരി കല്ല്യ | 433312775344 | 117550100051 | 21-06-2020 | കർഷക തൊഴിലാളി പെൻഷൻ | 2021 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |

മരണം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ആധാർ നമ്പർ ലഭ്യമാക്കിയിട്ടും മരണപ്പെട്ടയാൾ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കപ്പെടാത്തതിനാൽ മാസങ്ങളോളം ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻതുക ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ട് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (40/26-11-2021), ഉദാഹരണമായി ചൂണ്ടിക്കാണിച്ച ഗുണഭോക്താക്കളുടെ പെൻഷൻ താമസിച്ച് സസ്പെൻഡ് ചെയ്തതിനാൽ മരണം നടന്നതിനു ശേഷം അനധികൃതമായി കൈമാറിയ തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ തിരിച്ചടക്കണമെന്ന വിവരം ബാങ്കിൽ അറിയിച്ചിട്ടുണ്ടെന്നും ശ്രദ്ധക്കുറവ് മൂലം സംഭവിച്ചുപോയതാണെന്നുമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. പട്ടികയിൽ മൂന്ന് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉദാഹരണമായി ചേർത്തതാണ്. മരണം റിപ്പോർട്ട് ചെയ്യുമ്പോൾ

എഴുതി വാങ്ങുന്ന ആധാർ നമ്പർ ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന മുഴുവൻ ക്ഷേമപെൻഷനും പരിശോധിച്ച് പെൻഷൻ വിതരണം തുടരുന്നുണ്ടെങ്കിൽ അവ നിർത്തലാക്കാൻ നടപടി സ്വീകരിക്കേണ്ടതും അധികം നല്കിയ തുക മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

### 1-42 ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല

ഇ ടെണ്ടർ വഴി നടപ്പാക്കിയ മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാവേണ്ട തുകയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറിക്കും (നം.19/19.11.2021) മറുപടി നൽകിയിട്ടില്ല. ഈ വിവരം ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ഫീ ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുക ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-43 മോണിറ്ററിങ്ങ് കാര്യക്ഷമമല്ല

പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്ക് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോണിറ്ററിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതുണ്ട്. നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മാലൂർ ഗ്രാമപഞ്ചായത്തിലെ പ്രോജക്റ്റുകളോടൊപ്പം പ്രവൃത്തിയുടെ പൂർത്തീകരണ പത്രികയോ മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവഹണ ഫയലുകളോടൊപ്പവും മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റുകളുടെ കൃത്യമായ നിർവഹണം നടക്കുന്നുവെന്നുറപ്പ് വരുത്താൻ കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. മോണിറ്ററിങ്ങ് റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതി നിർവഹണം യഥാവിധി നടന്നോ എന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. എല്ലാ പ്രോജക്റ്റുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് നിശ്ചയമായും സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനായി അക്കൗണ്ടുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|

| | | |
|---|---|---|
| 2020-21 | 24.11.2021 | നം.കെ.എസ്.എ./കെ.എൻ.ആർ./സി. 11/1381/2021 തീയതി: 10.01.2022 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| പേരാവൂർ ബ്ളോക്ക് പഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം | - | 297500 | 297500 | |
| | വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി വിതരണം | - | 149250 | 149250 | |
| | കരനെൽകൃഷി | | 68000 | 68000 | |
| | ലൈഫ് ഭവന പദ്ധതി | | 320000 | 320000 | |
| | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | - | 199275 | 199275 | |
| | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | | 200000 | 200000 | |
| | വാഗ്ഭടാനന്ദ മന്ദിരത്തിന് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | | 73926 | 73926 | |
| | വിശപ്പ് രഹിതകേരളം-ഹോട്ടൽ അടിസ്ഥാന സൗകര്യം ഒരുക്കൽ | | 20000 | 20000 | |
| | കാഞ്ഞിലേരി അംഗൻവാടിക്ക് കെട്ടിടനിർമാണം | | 419607 | 419607 | |
| | ആകെ | | 1747558 | 1747558 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം | - | 212500 | 212500 | |
| | തരിശു ഭൂമിയിൽ പച്ചക്കറി വികസനം | - | 73065 | 73065 | |
| | ഫലവൃക്ഷ തൈ വിതരണം | | 59385 | 59385 | |
| | ദീർഘ കാല രോഗികൾക്കും മാറാ രോഗികൾക്കുമുള്ള ഹോം കെയർ | | 150000 | 150000 | |
| | ലൈഫ് ഭവന പദ്ധതി | | 120000 | 120000 | |
| | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | 199275 | 199275 | |
| | ആകെ | | 814225 | 814225 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽക്കിണർ പ്രൊജക്ട് നം.132,133 | 21900849<br>21901088<br>21901091<br>2200077 | 414000<br>122000<br>157000<br>110000 | 361450 | പൂർത്തീക രിച്ചിട്ടില്ല | 441550 |
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് പ്രൊജക്ട് നം.22/20 | 21900867<br>22000726 | 120372<br>799918 | ഇല്ല | പൂർത്തീക രിച്ചിട്ടില്ല. | 920290 |
| കെ.എസ്.ഇ.ബി. | അങ്കണവാടി വൈദ്യുതീകരണം 21/21, | 23/20-21,<br>22000691 | 75000<br>1699 | ഇല്ല | പൂർത്തീക രിച്ചിട്ടില്ല | 76699 |
| കെ.എസ്.ഇ.ബി. | അങ്കണവാടി വൈദ്യുതീകരണം (So) 124/21 | 1/20-21<br>21/20-21 | 120000<br>47849 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 167849 |
| കെ.ഇസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ, 6/21 | 20/20-21 | 799918 | ഇല്ല | പൂർത്തീക രിച്ചിട്ടില്ല | 799918 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2019-20 | ലൈഫ് പദ്ധതി-രണ്ടാം ഘട്ടം | ഹഡ്കോവിൽ നിന്നും ലഭിച്ച ലോൺ | 2213779 | 1993191 | 219412 | - | | 1773779 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2020-21 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ,തീയതി.15.5.2004 | 20010 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)സർചാർജ് നടപടികളുടെ വിവരം

| ക്രമ ന മ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2007-08 | 3-1 | സലിമോൻ പി.ആർ വി ഇ ഒ | LF/1114 SplCell/ CSCB3-/12/ തീയതി 11/11/2013 | 9,50,500 | | | | | | 9,50,500 | തുക ഒടുക്ക് വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹54381773 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹50476115 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ..ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2317486 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർചാർജ്ജ് ചെയ്യാവുന്നവ

ഇല്ല

(ബി-1)ഗ്രാമപഞ്ചായത്ത് തല നടപടികളിലൂടെ ഈടാക്കേണ്ടത തുകയുടെ വിവരങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നംപർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 22200 | ഹെഡ്മാസ്റ്റർ |
| 1-29 | 164120 | ഹെഡ്മാസ്റ്റർ |
| 1-31 | 63200 | ഹെഡ്മാസ്റ്റർ |
| 1-33 | 244548 | സെക്രട്ടറി |
| 1-35 | 905000 | സെക്രട്ടറി |
| 1-36 | 799918 | സെക്രട്ടറി |
| 1-39 | 120000 | സെക്രട്ടറി |
| ആകെ | 2318986 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.രവീന്ദ്രൻ | ഹെഡ് മാസ്റ്റർ | ഇന്ദീവരം, പഴശ്ശി,ഉരുവച്ചാൽ (പി.ഒ) |
| ശ്രീ.അനിൽകുമാർ.പി | സെക്രട്ടറി,മാലൂർ ഗ്രാമപഞ്ചായത്ത് | പടിക്കൽ ഹൗസ്, മാവിലായി (പി.ഒ) |
| ശ്രീ.സത്യൻ.കെ.കെ | സെക്രട്ടറി,കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് | കുന്നമ്പ്രത്ത് ഹൗസ്,അടക്കാത്തോട്,കേളകം PIN 670614 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 1 |
| 2007-08 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 3 |
| 2008-09 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 8 |
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 12 |
| 2010-11, 2011-12 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 11 |

| | | |
|---|---|---|
| 2012-13 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 6 |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ/സി.11/ 745/2019 തീയതി:20.06.2019 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 11 |
| 2017-18 | കെ എസ് എ /കെ എൻ ആർ/ സി.11.1051/2019 തീയതി:04.10.2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.11/901/2020 തീയതി: 22.12.2020 | 19 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1380/2020 തീയതി: 10.01.2022 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18166589.36 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 980880.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4100.00 |
| 140000000 | Fees & User Charges | RP-4 | 531184.00 |
| 150000000 | Sale & Hire Charges | RP-5 | 28271.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42435118.00 |
| 171000000 | Interest Earned | RP-9 | 481116.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5506151.00 |
| 350000000 | Other Liabilities | RP-36 | 83787.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 646.00 |
| 311000000 | Earmarked Funds | RP-29 | 1657.00 |
| 340000000 | Deposits Received | RP-34 | 199408.00 |
| 350000000 | Other Liabilities | RP-36 | 268394.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3861021.00 |
| | Grand total | | 72548322.36 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2439796.00 |
| 220000000 | Administrative Expenses | RP-12 | 878394.00 |
| 230000000 | Operations & Maintenance | RP-13 | 960097.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4574944.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15333876.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 161950.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 771988.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 327760.00 |
| 255000000 | Maintenance Projects | RP-20 | 2264095.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -55314.00 |
| 350000000 | Other Liabilities | RP-36 | 4170124.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1061.00 |
| 280000000 | Prior Period Item | RP-26 | -7630.00 |
| 311000000 | Earmarked Funds | RP-29 | 37000.00 |
| 340000000 | Deposits Received | RP-34 | 62765.00 |
| 350000000 | Other Liabilities | RP-36 | 1979338.00 |
| 410000000 | Fixed Assets | RP-38 | 12588074.00 |
| 412000000 | Capital work in Progress | RP-40 | 461542.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1302442.00 |
| 460000000 | Loans, Advances and Deposits | RP-47 | 2223813.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 21961799.36 |
| Cash | Cash | RP-40(b) | 110408.00 |
| | Grand Total | | 72548322.36 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4382582.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 291711.00 |
| 140000000 | Fee & User Charges | I-4(b) | 813884.00 |
| 150000000 | Sale & Hire Charges | I-5(b) | 62446.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134232022.00 |
| 171000000 | Interest Earned | I-8 | 481116.00 |
| 180000000 | Other Income | I-9 | 11646.00 |
| | Total Income | | 140275407.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10288607.00 |
| 220000000 | Administrative Expenses | I-11(b) | 879728.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 960097.00 |
| 240000000 | Interest & Finance Charges | I-13 | 1061.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4574944.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58829203.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 603605.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 771988.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44350760.00 |
| 255000000 | Maintenance Projects | I-14(e) | 2306766.00 |
| 272000000 | Depreciation | I-17(a) | 8687334.00 |
| | Total Expenditure | | 132254093.00 |
| | Gross Surplus/ Deficit of income over Expenditure | | 8021314.00 |
| 280000000 | Prior Period Item | I-18 | -62944.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8084258.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

Malur Grama Panchayat BALANCE SHEET
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 15195257.06 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 23512.00 |
| 312000000 | Reserves | B-3 | 56224229.00 |
| | Total Reserve & Surplus | | 71442998.06 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4703841.95 |
| | Total Grants, Contributions for Specific Purposes | | 4703841.95 |
| | Loans | | |
| 330000000 | Secured Loans | B-5 | 1773779.00 |
| | Total Loans | | 1773779.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 621002.00 |
| 350000000 | Other Liabilities | B-9 | 2268329.35 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 2889331.35 |
| | TOTAL LIABILITIES | | 80809950.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 96107115.00 |
| 411000000 | Accumulated Depreciation | B-11 | -41191277.00 |
| 412000000 | Capital Work in Progress | B-11(a) | 344213.00 |
| | Total Fixed Assets | | 55260051.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| | Total Investments | | 20010.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1422730.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22072207.36 |
| 460000000 | Loans, Advances and Deposits | B-18 | 2034952.00 |
| | Total Current Assets, Loans and Advances | | 25529889.36 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 80809950.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ